**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2076** **30-09-2025 - ൽ മറുപടിയ്ക്ക്**

**സയൻസ് പാർക്കുകൾ ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആൻഡ് എൻവയോൺമെന്റ് (കെ . എസ്. സി. എസ്. ടി. ഇ. )ന്റെ കീഴിൽ കേരളത്തിൽ എത്ര സയൻസ് പാർക്കുകളാണ് നിലവിലുള്ളതെന്നും ഏതൊക്കെ ജില്ലയിലാണ് ഇവ സ്ഥിതി ചെയ്യുന്നതെന്നും വിശദമാക്കാമോ; | (എ) | കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആൻഡ് എൻവയോൺമെന്റിന്റെ കീഴിൽ കേരളത്തിൽ നിലവിൽ സയൻസ് പാർക്കുകളൊന്നും പ്രവർത്തിക്കുന്നില്ല. 2022-23 ലെ ബജറ്റ് പ്രസംഗം അനുസരിച്ച് സംസ്ഥാനത്ത് നാല് സയൻസ് പാർക്കുകൾ സ്ഥാപിക്കുവാൻ കേരള സർക്കാർ 1000 കോടി രൂപ അനുവദിച്ചു. 23-03-2023 ന് ചേർന്ന മന്ത്രിസഭാ യോഗം ശാസ്ത്ര സാങ്കേതിക വകുപ്പിനു കീഴിൽ മൂന്ന് സയൻസ് പാർക്കുകൾ കണ്ണൂർ, എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിൽ സ്ഥാപിക്കുവാൻ അംഗീകാരം നൽകി. ഈ മൂന്ന് സയൻസ് പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി (SPV) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് കണ്ണൂരിൽ സ്ഥാപിക്കുന്ന സയൻസ് പാർക്കിന്റെ നിർമ്മാണപ്രവർത്തനത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ശാസ്ത്ര പഠനത്തിനും ഗവേഷണത്തിനും ഉതകുന്ന രീതിയിൽ മറ്റ് ജില്ലകളിൽ കൂടി സയൻസ് പാർക്കുകൾ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | നിലവിൽ നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (സി) | പ്രസ്തുത സയൻസ് പാർക്കുകളിൽ നൂതന സാങ്കേതികവിദ്യകളായ വെർച്വൽ റിയാലിറ്റി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നീ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദവിവരം ലഭ്യമാക്കാമോ; | (സി) | സയൻസ് പാർക്കുകൾ സ്ഥാപിക്കുന്ന നടപടികൾ പ്രാരംഭ ഘട്ടത്തിലായതിനാൽ ഈ വിഷയം സംബന്ധിച്ച് തീരുമാനം കൈകൊണ്ടിട്ടില്ല. |
| (ഡി) | പ്രസ്തുത സ്ഥാപനം വഴി ഓരോ നിയോജക മണ്ഡലത്തിലെയും ഓരോ സ്കൂളുകളിലെങ്കിലും സയൻസ് പാർക്കുകൾ ആരംഭിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | സയൻസ് പാർക്കുകൾ, സ്കൂൾ തലത്തിൽ നടപ്പിലാക്കുന്നതിനുള്ള ഒരു പദ്ധതിയല്ല. കേരളത്തിന്റെ വിജ്ഞാന സമ്പദ്‌വ്യവസ്ഥയിൽ ഫലപ്രദമായി സംഭാവന ചെയ്യുന്നതിനായി സർക്കാരിനും സർവ്വകലാശാലകൾക്കും |

| | | | |
|---|---|---|---|
| | | | വ്യവസായശാലകൾക്കും സഹകരിച്ച് പ്രവർത്തിക്കാൻ കഴിയുന്ന സാങ്കേതികവിദ്യയുടെ നവീകരണം, ഗവേഷണം, വികസനം, വാണിജ്യവൽക്കരണം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ളതാണ്. അത്യാധുനിക സാങ്കേതികവിദ്യകളെക്കുറിച്ചുള്ള ഉയർന്ന ഗവേഷണത്തിനും അക്കാദമിക്കും വ്യവസായത്തിനും ഇടയിലുള്ള വിവർത്തന ഗവേഷണത്തിനും സൗകര്യമൊരുക്കുന്നതിനാണ് സയൻസ് പാർക്കുകൾ വിഭാവനം ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ